# കേരള സർവകലാശാല

നം. പി.ആർ.041/2018 ഫോൺ : 2305738

## പത്രക്കുറിപ്പ്

### എം.ബി.ബി.എസ് ഫലം

2017 മാർച്ചിൽ നടത്തിയ രണ്ടാം വർഷ എം.ബി.ബി.എസ് പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. ഉത്തരക്കടലാസുകളുടെ സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണ്ണത്തിനും മാർച്ച് ഒൻപത് വരെ അപേക്ഷിക്കാം.

### ബി.പി.ടി ഫലം

2017 മേയിൽ നടത്തിയ എട്ടാം സെമസ്റ്റർ ബി.പി.ടി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. ഉത്തരക്കടലാസുകളുടെ സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണ്ണയത്തിനും മാർച്ച് ഒൻപത് വരെ അപേക്ഷിക്കാം.

### എം.എസ്‌സി പ്രാക്ടിക്കൽ

2017 ആഗസ്റ്റിൽ നടന്ന രണ്ടാം സെമസ്റ്റർ എം.എസ്‌സി ബയോഇൻഫർമാറ്റിക്സ് പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ഫെബ്രുവരി 26 ന് നടത്തും. വിശദവിവരം കോളേജിലും സർവകലാശാല വെബ്സൈറ്റിലും (www.keralauniversity.ac.in) ലഭിക്കും.

### ബി.എസ്‌സി ഫലം

2017 ഒക്ടോബറിൽ നടന്ന ബി.എസ്‌സി (ആന്വൽ സ്കീം) പാർട്ട് മൂന്ന് മാത്തമാറ്റിക്സ് മെയിൻ പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് 21 വരെ അപേക്ഷിക്കാം.

### പി.ജി പ്രവേശനം

കേരള സർവകലാശാലയുടെ കീഴിലുള്ള വിവിധ കോളേജുകളിൽ 2017-ലെ പി.ജി പ്രവേശനത്തിനായി ഓൺലൈനായി അപേക്ഷിക്കുകയും, സ്പോട്ട് അഡ്മിഷനിലും സീറ്റ് ലഭിക്കാതെയുമിരുന്ന അപേക്ഷാർത്ഥികൾക്കുമാത്രമായി സർവകലാശാലയുടെ വിദൂരവിദ്യാഭ്യാസകേന്ദ്രം 2017-19 ലേക്കുള്ള പി.ജി കോഴ്സിലേക്ക് അപേക്ഷിക്കാൻ പ്രത്യേക അനുമതി നൽകിയിരിക്കുന്നു. നിർദ്ദിഷ്ടയോഗ്യതയുള്ളവർ സർവകലാശാല ആസ്ഥാനത്ത് പ്രവർത്തിക്കുന്ന വിദൂരവിദ്യാഭ്യാസ കേന്ദ്രവുമായി ഫെബ്രുവരി 28-ന് മുൻപായി തന്നെ ബന്ധപ്പെട്ട് അപേക്ഷ നേരിൽ സമർപ്പിക്കണം. മറ്റ് വിവരങ്ങൾ വെബ്സൈറ്റിൽ (www.ideku.net) ലഭിക്കും.

### ദേശീയ സെമിനാർ

കേരള സർവകലാശാലയുടെ ഭാഷാശാസ്ത്ര വകുപ്പ് മാർച്ച് ഏഴ്, എട്ട്, ഒൻപത് തീയതികളിൽ 'ഒഫീഷ്യൽ നാഷണൽ ആന്റ് ക്ലാസ്സിക്കൽ ലാംഗ്വേജസ് ഇൻ ഇന്ത്യ: സ്റ്റേറ്റ് ആന്റ് സിനാരിയോ' എന്ന വിഷയത്തിൽ സംഘടിപ്പിക്കുന്ന ദേശീയ സെമിനാറിലേക്ക് പ്രബന്ധങ്ങളും ഗവേഷണ ലേഖനങ്ങളും ക്ഷണിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഭാഷാശാസ്ത്ര വകുപ്പ്, കാര്യവട്ടം ക്യാമ്പസ്, യൂണിവേഴ്സിറ്റി ഓഫ് കേരളവുമായി ബന്ധപ്പെടുക. ഫോൺ: 0471 -2308469, 9400514982.

തിരുവനന്തപുരം.
21.02.2018

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098